ശ്രീ. എസ്. ശർമ്മ : മാനദണ്ഡത്തിനു വിധേയമായി ആ നിർദ്ദേശം പരിഗണിക്കുന്നതാണ്.

ശ്രീ. കെ. എ. ചന്ദ്രൻ : കെ.എസ്.ഇ.ബി. ആഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും പ്രാപ്തി കൂട്ടാനുമായി കമ്പ്യൂട്ടർവൽക്കരിക്കുന്നത് നല്ലതു തന്നെ. പക്ഷെ ഇന്ന് ബിൽഡിംഗ് യൂണിറ്റുകളിലും മറ്റുമുള്ള അപാകതകൾ കൊണ്ടും ഗവൺമെന്റിന്റെ പ്രഖ്യാപിത നയങ്ങൾമൂലവും പ്രത്യേകിച്ച് നെൽക്കൃഷിക്കാർക്ക് വൈദ്യുതി പൂർണ്ണമായും സൗജന്യമാണ്. മറ്റ് കൃഷിക്കാർക്ക് രണ്ട് ഹെക്ടർ വരെ സൗജന്യമാണ്. കൃഷി ഡിപ്പാർട്ടുമെന്റ് ഇലക്ട്രിസിറ്റി ബോർഡിനു പണം നൽകുകയും ചെയ്യും. ഇതിൽ എവിടെയോ അപാകതകൾ വന്നതുകൊണ്ട് വേനൽക്കാലത്തുപോലും വൈദ്യുതി വിച്ഛേദിക്കുന്ന സംഭവങ്ങൾ ധാരാളമായി നടക്കുന്നുണ്ട്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഒരു കാരണവശാലും സർക്കാരിന്റെ പ്രഖ്യാപിത നയമനുസരിച്ചുള്ള വൈദ്യുതി ഉപയോഗത്തിന് വിച്ഛേദിക്കൽ ഉണ്ടാകരുത് എന്നുള്ള നിർദ്ദേശം നൽകുമോ ?

ശ്രീ. എസ്. ശർമ്മ : ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കാര്യമാണ്. കൃഷി വകുപ്പുമായി ആലോചിച്ചതിനുശേഷം കണക്ഷൻ വിച്ഛേദിക്കാതിരിക്കാനുള്ള നിർദ്ദേശം കൊടുക്കുകയും അതേസമയം കൊടുക്കാനുള്ള പൈസ അതിവേഗത്തിൽ കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

## ദക്ഷിണമേഖലയിലെ വൈദ്യുതി നിലയങ്ങളിൽ നിന്നും കേരളത്തിന് ലഭിച്ച വൈദ്യുതി

3 (*483) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. എം. മാണി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദക്ഷിണ മേഖലയിലെ വൈദ്യുതി കേന്ദ്രങ്ങളിൽ നിന്ന് കേരളത്തിന് ലഭിച്ചിരുന്ന വൈദ്യുതി വിഹിതം നിർത്തലാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് പുന:സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ദക്ഷിണ മേഖലയിലെ കേന്ദ്ര വൈദ്യുത നിലയങ്ങളിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതി നിരക്ക് ഏകീകരിക്കാത്തതുമൂലം കായംകുളം താപ വൈദ്യുതി നിലയത്തിൽ നിന്നുള്ള വൈദ്യുതി വാങ്ങൽ സംസ്ഥാനത്തെ വൈദ്യുതി ബോർഡിന് നഷ്ടം വരുത്തിയേക്കാനിടയുണ്ടെന്ന സംഗതി സർക്കാരിന് ബോദ്ധ്യമായിട്ടുണ്ടോ ;

LIBRARY, ARCHIVES Kerala Legislative Assembly

(ഡി) ഉണ്ടെങ്കിൽ ഇക്കാര്യത്തിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ,

(എ) അലോക്കേറ്റഡ് ഷെയർ നിർത്തലാക്കിയിട്ടില്ല. എന്നാൽ അൺ അലോക്കേറ്റഡ് ഷെയർ 18-12-1999 മുതൽ നിർത്തലാക്കിയിട്ടുണ്ട്. ഇത് പുന:സ്ഥാപിച്ചു കിട്ടാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി വരുന്നു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി&ഡി) ദക്ഷിണ മേഖലയിലെ കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ നിരക്കുകളേക്കാൾ കൂടിയ നിരക്കിലാണ് ബോർഡിനു കായംകുളം വൈദ്യുതി നിലയത്തിൽ നിന്നും വൈദ്യുതി ലഭിക്കുന്നത്. നാഫ്ത ഇന്ധനമായി ഉപയോഗിക്കുന്നതുകൊണ്ടും നാഫ്തയുടെ വില ക്രമാതീതമായി വർദ്ധിപ്പിച്ചതുകൊണ്ടുമാണ് കായംകുളം നിലയത്തിൽ നിന്നുള്ള വൈദ്യുതിക്ക് വില കൂടാൻ കാരണം. എന്നാൽ കായംകുളം നിലയത്തിൽ നിന്നുള്ള വൈദ്യുതിക്ക് ദക്ഷിണ മേഖലയിലെ വൈദ്യുതി ഉൽപ്പാദനകേന്ദ്രങ്ങളിലെ വിലയുടെ ശരാശരി മാത്രമേ ഈടാക്കാവൂ എന്ന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയും തുടർന്ന് 2000-മാണ്ട് ജനുവരി മാസത്തിൽ ഇക്കാര്യത്തെ സംബന്ധിച്ച് സംസ്ഥാന വിദ്യുച്ഛക്തി വകുപ്പുമന്ത്രി കേന്ദ്ര ഊർജ്ജമന്ത്രിയെക്കണ്ട് ചർച്ച നടത്തുകയും സംസ്ഥാനത്തിന്റെ ആവശ്യം അനുകൂലമായി പരിഗണിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും മറുപടിയൊന്നും ഇക്കാര്യത്തിൽ ഇതുവരെ ലഭിച്ചിട്ടില്ല.

ശ്രീ. കെ. എം. മാണി : കായംകുളത്ത് നിന്നും ഉല്പാദിപ്പിക്കുന്ന താപ വൈദ്യുതിക്ക് അവർ ചോദിക്കുന്നത് എത്ര രൂപയാണ് ; നമ്മൾ നൽകിക്കൊണ്ടിരിക്കുന്നത് എത്രരൂപയാണ് ?

ശ്രീ. എസ്. ശർമ്മ : നാഫ്തയുടെ ഇപ്പോഴുള്ള വിലയനുസരിച്ച് കൊടുക്കേണ്ടി വരുന്നത് യൂണിറ്റിന് ഏകദേശം അഞ്ചര രൂപയാണ്. ബോർഡ് ഇപ്പോൾ അടച്ചുകൊണ്ടിരിക്കുന്നത് യൂണിറ്റിന് 2.75 രൂപയാണ്. എന്നാൽ ഇപ്പോൾ കമ്പൈൻഡ് സൈക്കിളായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മാർച്ച് ഒന്നു മുതൽ യൂണിറ്റ് ഒന്നിന് അവർ ആവശ്യപ്പെടുന്നത് നാലര രൂപയാണ്. ആ നാലര രൂപ എന്നു പറയുന്നത് അധികമെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. അത് ന്യായമാണെന്നാണ് എൻ.ടി.പി.സി യുടെ അഭിപ്രായം. ഈ രണ്ട് അഭിപ്രായങ്ങളും തമ്മിൽ അകൽച്ചയുള്ളതുകൊണ്ട്, ആ അകൽച്ച ദൂരീകരിക്കുന്നതിന് എൻ.ടി.പി. സി. യുമായി ബോർഡ് തലത്തിലും ഗവൺമെന്റ് തലത്തിലും ചർച്ചകൾ നടന്നു വരികയാണ്. ഇന്നലെ എൻ.ടി.പി.സി.യുമായി ഞാൻ നേരിട്ട് ചർച്ച നടത്തുകയുണ്ടായി. നാളെ ഡൽഹിയിൽ വച്ച് ഗവൺമെന്റിനുവേണ്ടി പവർ സെക്രട്ടറിയും ബോർഡിനുവേണ്ടി ചെയർമാനും എൻ.ടി.പി.സി.യുമായി ചർച്ച നടത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന്റെ ആവശ്യം എൻ.ടി.പി.സി.യുമായി ചർച്ച ചെയ്യാൻ പോകുകയാണ്. അവർ ഇപ്പോൾ ആവശ്യപ്പെട്ടിട്ടുള്ളത് കമ്പൈൻഡ് സൈക്കിളായി മാറിയതിനുശേഷം നാലര രൂപ വച്ചു കൊടുക്കണമെന്നാണ്. നമ്മൾ അടച്ചുകൊണ്ടിരിക്കുന്നത് 2.75 രൂപയാണ്. അതിനെക്കാൾ കുറച്ചു കൂടുതൽ അടയ്ക്കേണ്ടതായി വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. എം. മാണി : ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്ക് നൽകാൻ കഴിയുന്നതിനേക്കാൾ കുറവായി മഹാരാഷ്ട്രയിൽ നിന്നും കിട്ടാൻ ഇടയുള്ളതുകൊണ്ട് നമുക്ക് അത് ദോഷകരമായിരിക്കുമെന്ന് അറിയാമോ ; അതുകൊണ്ട് എത്രയുവേഗം ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ തമ്മിലുള്ള നിരക്ക് ഏകീകരിക്കുന്നതിനുവേണ്ടി അടിയന്തിരമായി കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് അതിനുള്ള തീരുമാനം എടുപ്പിക്കുന്നതിനുവേണ്ടി ഗവൺമെന്റ് മുന്നോട്ടു വരുമോ ; അത് എത്ര കാലപരിധിക്കകം സാധിച്ചെടുക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത് ?

ശ്രീ. എസ്. ശർമ്മ : ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ എൻ.ടി.പി.സി.യുടെ കീഴിലുള്ള പ്രോജക്ടുകളുടെ നിരക്ക് ഏകീകരിക്കണമെന്ന ആവശ്യം ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ഒരു പ്രധാന പ്രശ്നം തന്നെയാണ്. ഇത് ഗവൺമെന്റ് ഗൗരവമായി കണ്ടിട്ടുള്ളതാണ്. അതിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണ് കേന്ദ്ര ഊർജ്ജമന്ത്രിയുമായി ഞാനും ബന്ധപ്പെട്ടവരുമെല്ലാം ചർച്ച നടത്തുകയും ഇതു സംബന്ധിച്ച നിർദ്ദേശം കേന്ദ്ര ഊർജ്ജമന്ത്രിക്ക് സമർപ്പിക്കുകയും ചെയ്തത്. രണ്ട് കാര്യങ്ങളാണ് അന്ന് കേന്ദ്രമന്ത്രി സംസ്ഥാനത്തിനുവേണ്ടി വാക്കാൽ പറഞ്ഞത്. ഒന്ന് ഇത് റീജിയണൽ പ്രോജക്ടായി കണക്കാക്കുകയാണെങ്കിൽ ഏകീകരിച്ച റീജിയണൽ പൂൾഡ് താരിഫ് ആയി അംഗീകരിക്കുന്ന കാര്യം നയപരമായ ഒരു പ്രശ്നമായതുകൊണ്ട് ചർച്ച നടത്തി മാത്രമേ ചെയ്യാനാവൂ. കാരണം അത് സ്റ്റേറ്റ് പ്രോജക്ടായിട്ടാണ് നമ്മൾ ഇതുവരെ ഉന്നയിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുള്ളത്. അത്തരം ഒരു സാഹചര്യത്തിൽ അതിന് ഒരു പോളിസി ചർച്ച ആവശ്യമാണ്. അതേയവസരത്തിൽ ഗ്യാസ് ബേസ്ഡ് പ്രോജക്ടിന്റെ ഗ്യാസിനെ അടിസ്ഥാനം ആക്കിക്കൊണ്ടുള്ള വില ഇപ്പോൾ നൽകിയാൽ വരുന്ന പത്തോ ഇരുപത്തഞ്ചോ വർഷക്കാലത്തിനുള്ളിൽ നാഫ്തയും ഗ്യാസും തമ്മിലുള്ള വ്യത്യാസം കണക്കാക്കി ഗഡുക്കളായി നൽകിയാൽ മതിയെന്ന കാര്യം കൂടി പരിശോധനയ്ക്ക് വിധേയമാക്കാം എന്ന് കേന്ദ്ര ഊർജ്ജമന്ത്രി പറഞ്ഞിരുന്നു. പക്ഷേ ഇതനുസരിച്ചുള്ള നടപടി ക്രമങ്ങളിലേക്ക് ഇതുവരെ പ്രവേശിച്ച് കാണുന്നില്ല. ഈ വിവരം വീണ്ടും സെൻട്രൽ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

ശ്രീ. സി. എഫ്. തോമസ് : ദക്ഷിണ മേഖലയിലെ വൈദ്യുതി കേന്ദ്രങ്ങളിൽ നിന്നും ലഭിച്ചുകൊണ്ടിരുന്ന വൈദ്യുതിയുടെ ഒരു വിഹിതം നിർത്തലാക്കിയിട്ടുണ്ട് എന്ന് പറഞ്ഞു. അതുകൊണ്ട് നമ്മുടെ സംസ്ഥാനത്തു ലോഡ് ഷെഡിംഗ് പിൻവലിക്കാനുള്ള നടപടികൾക്കു തടസ്സം നേരിടുമോ ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പിൻവലിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ശർമ്മ : ലോഡ് ഷെഡിംഗ് കൃത്യമായി ഇന്ന കാലയളവിനുള്ളിൽ പിൻവലിക്കാൻ കഴിയുമെന്ന് പറയാൻ ആവില്ലെങ്കിലും രണ്ടോ മൂന്നോ മാസത്തിനുള്ളിൽ ഈ കാര്യം നടപ്പിലാക്കാൻ കഴിയുന്ന വിധത്തിലുള്ള ശ്രമകരമായ സിസ്റ്റം ഇംപ്രൂവ് ചെയ്യുന്ന പ്രവർത്തനത്തിൽ ബോർഡ് ഏർപ്പെട്ടു വരുകയാണ്. ഇപ്പോൾ നമുക്ക് ആവശ്യമുള്ള വൈദ്യുതി ഉല്പാദനം ഉണ്ടെങ്കിലും അത് ഉപയോഗപ്പെടുത്തുന്നതിനുള്ള സിസ്റ്റത്തിന്റെ ദൗർബല്യമാണ് ഈ ലോഡ് ഷെഡിംഗ് ഏർപ്പെടുത്തേണ്ടി വരുന്നത്. അതേസമയം പവർകട്ട് കേരളത്തിൽ ഏർപ്പെടുത്തേണ്ടതായി വന്നിട്ടുമില്ല. കാരണം വൈദ്യുതി ഉള്ളതുകൊണ്ടാണ്. ലോഡ് ഷെഡിംഗ് എന്നു പറയുന്നത് പീക്ക് ലോഡ് സമയത്ത് കൂടുതൽ ഭാരം പേറേണ്ടി വരുമ്പോൾ അത് താങ്ങാൻ നിലവിലുള്ള ട്രാൻസ്മിഷൻ സിസ്റ്റം സുശക്തമല്ല. അതുകൊണ്ട് ട്രാൻസ്മിഷൻ മേഖലയിലെ പ്രവർത്തനത്തിന് ഊന്നൽ നൽകി സിസ്റ്റം ഇംപ്രൂവ് ചെയ്യിപ്പിക്കുന്ന പ്രവർത്തനത്തിനാണ് ഇപ്പോൾ മുൻഗണന നൽകി വരുന്നത്. ആ അടിസ്ഥാനത്തിൽ വരുന്ന രണ്ടോ മൂന്നോ മാസം കൂടി കഴിയുമ്പോഴേക്കും സിസ്റ്റം കുറേക്കൂടി മെച്ചപ്പെടുമെന്നും അപ്രകാരം ഈ കാര്യം പരിഗണിക്കാൻ കഴിയുമെന്നുമാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. സി. എഫ്. തോമസ് : കായംകുളം താപനിലയത്തിലെ നിരക്ക് കൂടുതലാണ്. അതിനെക്കുറിച്ച് ചർച്ച നടത്താൻ പോകുകയാണ്. ഇടയ്ക്കൊരു പത്ര റിപ്പോർട്ട് കണ്ടു. പെട്ടെന്നു പ്രവർത്തനം നിർത്തി വയ്ക്കാൻ പോകുന്നുവെന്ന്. ചർച്ച നീളുകയാണെങ്കിൽ പ്രത്യേക പരിത:സ്ഥിതിയിൽ നിലയത്തിന്റെ പ്രവർത്തനം നിർത്തി വയ്ക്കുന്ന സാഹചര്യം ഒരിക്കലും ഉണ്ടാകരുതെന്ന് നിർബന്ധപൂർവം അവരോട് ആവശ്യപ്പെടുമോ ?

ശ്രീ. എസ്. ശർമ്മ : അവർ ആവശ്യപ്പെടുന്ന എമൗണ്ട് നൽകിയില്ലെങ്കിൽ കായംകുളം സ്റ്റേഷൻ ഷട്ട്ഡൗൺ ചെയ്യും എന്നുള്ള നിലയ്ക്കു എൻ.ടി.പി.സി. ബോർഡിന് നോട്ടീസ് നൽകിയിട്ടുണ്ട്. എൻ.ടി.പി.സി.യുടെ ചെയർമാനുമായി ഇന്നലെ നടത്തിയ സംഭാഷണത്തിൽ അത്തരം ഒരു നിലപാട് സ്വീകരിക്കരുതെന്ന് അഭിപ്രായപ്പെടുകയുണ്ടായി. ഈ പ്രശ്നത്തിൽ ഒരു അഭിപ്രായ സമന്വയം ഉണ്ടാക്കാൻ കഴിയുമെന്നുള്ളതും കേന്ദ്ര ഊർജ്ജമന്ത്രി സംസ്ഥാന ഗവൺമെന്റിനു നൽകിയ ഉറപ്പു പാലിച്ചുകൊണ്ടുള്ള ഒരു നിലപാട് മാത്രമേ സ്വീകരിക്കാൻ പാടുള്ളൂ എന്ന നിലയിൽ എൻ.ടി.പി.സി.യുടെ ചെയർമാനോട് ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. തോമസ് ചാഴികാടൻ : ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ദക്ഷിണമേഖലയിലെ വൈദ്യുതി കേന്ദ്രങ്ങളിൽ നിന്നും ലഭിച്ചിരുന്ന അൺഅലോക്കേറ്റഡ് ഷെയർ 18-12-1999 മുതൽ നിർത്തലാക്കിയിട്ടുണ്ടെന്നു പറഞ്ഞു. 18-12-1999 മുതൽ അൺ അലോക്കേറ്റഡ് ഷെയർ നിർത്തലാക്കാൻ അവരെ പ്രേരിപ്പിച്ചതിന് കാരണമെന്താണ് ? നിർത്തലാക്കിയ അൺഅലോക്കേറ്റഡ് ഷെയർ എത്രയും വേഗം നേടിയെടുക്കാൻ സാധിക്കുമോ ?

ശ്രീ. എസ്. ശർമ്മ : അൺഅലോക്കേറ്റഡ് ഷെയർ 18-12-1999-ൽ ഒരു അറിയിപ്പുമില്ലാതെ നിർത്തൽ ചെയ്യുകയാണ് ചെയ്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുകയും അത് പുന:സ്ഥാപിക്കണമെന്ന് ആവശ്യപ്പെടുകയുമുണ്ടായി. കേന്ദ്ര ഊർജ്ജമന്ത്രിയെ ഞാൻ നേരിൽ കണ്ട് ഈ ആവശ്യം ഉന്നയിക്കുകയും ചെയ്തിരുന്നു. അപ്പോൾ അവർ പറഞ്ഞ മറുപടി വൈദ്യുതിയുടെ കാര്യത്തിൽ പവർകട്ട് ഇല്ലാത്ത സ്റ്റേറ്റാണ് കേരളം. അൺഅലോക്കേറ്റഡ് ഷെയർ ഏറ്റവും കൂടുതൽ പവർകട്ടും പ്രയാസവുമുള്ള സ്റ്റേറ്റുകൾക്ക് കൊടുക്കുന്നതിനാണ് കേന്ദ്ര ഗവൺമെന്റ് മുൻഗണന നൽകുന്നത് എന്നാണ് അവർ നൽകിയിട്ടുള്ള മറുപടി. അകാരണമായി ഇത് നിർത്തുന്നത് ശരിയല്ലെന്നും ഈ നിലപാട് പുന:പരിശോധിക്കണമെന്നും വീണ്ടും കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. തോമസ് ചാഴികാടൻ : കായംകുളം നിലയത്തിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതിക്ക് കൂടിയ നിരക്കാണെങ്കിലും അത് മുഴുവനും വാങ്ങിക്കൊള്ളാമെന്ന് സംസ്ഥാന ഗവൺമെന്റ് എൻ.ടി.പി.സി.യു. മായിട്ട് എഗ്രിമെന്റ് വച്ചിട്ടുണ്ടോ; അങ്ങനെ കായംകുളത്ത് ഉല്പാദിപ്പിക്കുന്ന മുഴുവൻ വൈദ്യുതിയും വാങ്ങേണ്ട സാഹചര്യം ഉള്ളതുകൊണ്ട് നമുക്ക് ജലവൈദ്യുതി കേന്ദ്രത്തിൽ നിന്നും ഉല്പാദിപ്പിക്കാൻ കഴിയുന്ന സമയത്തു പോലും ആവശ്യത്തിന് ഉല്പാദിപ്പിക്കാതെ കായംകുളത്തു നിന്നും കൂടിയ നിരക്കിൽ വൈദ്യുതി വാങ്ങേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ ; അതുമൂലം ബോർഡിന് എന്തെങ്കിലും നഷ്ടം ഉണ്ടായിട്ടുണ്ടോ ?

ശ്രീ. എസ്. ശർമ്മ : ജലം കൂടുതൽ ഉണ്ടായിട്ടും അത് ഉപയോഗിക്കാതെ കായംകുളത്തുനിന്നും വൈദ്യുതി വാങ്ങേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. അതേയവസരത്തിൽ വരുന്ന ജൂൺ മാസം വരെ കണക്കാക്കിക്കൊണ്ടുള്ള ഒരു പ്ലാനിംഗിൽ കഴിഞ്ഞ രണ്ട് വർഷങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ ജലം പൊതുവേ കുറവാണ്. ഏകദേശം 200 മെഗാവാട്ട് കുറവ് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ജലമേ ഇപ്പോൾ ടാങ്കുകളിൽ ഉള്ളൂ. അത് പരിഹരിക്കപ്പെടണം എങ്കിൽ, പവർകട്ട് ഏർപ്പെടുത്താതെ മാനേജ് ചെയ്ത് പോകണമെന്നുമുണ്ടെങ്കിൽ കായംകുളം താപനിലയത്തിലെ വൈദ്യുതി കേരള സംസ്ഥാനത്ത് ഒഴിച്ചുകൂടാനാവാത്ത ഘടകമായി വന്നിരിക്കുകയാണ്. പവർകട്ട് ഒഴിവാക്കുകയെന്നുള്ള സംസ്ഥാനത്തിന്റെ ആവശ്യം പരിഗണിച്ച് കായംകുളം താപനിലയത്തിൽ നിന്ന് വൈദ്യുതി എടുക്കാൻ നിർബന്ധിതമാണ്. എഗ്രിമെന്റ് അനുസരിച്ച് എടുത്തുകൊള്ളണമെന്നുണ്ട്. 1995ലാണ് എഗ്രിമെന്റ് ഉണ്ടാക്കിയത്. എഗ്രിമെന്റനുസരിച്ച് അഥവാ എടുത്തില്ലെങ്കിൽ ഉപയോഗിക്കുന്ന ഡീംഡ് ജനറേഷൻ, ഉല്പാദനം ഇല്ലെങ്കിൽ ഉപയോഗിച്ചതായിട്ടുള്ള ചെലവ് കണക്കാക്കി കൊണ്ടുള്ള ചാർജ് നമ്മൾ കൊടുക്കേണ്ടതായി വരികയും ചെയ്യും.

ശ്രീ. കെ. നാരായണക്കുറുപ്പ് : ദക്ഷിണ സംസ്ഥാനങ്ങളിൽ പലയിടങ്ങളിൽ നിന്നും നമുക്ക് വിദ്യുച്ഛക്തി ലഭിക്കുന്നുണ്ടെങ്കിലും കർണ്ണാടകത്തിൽ നിന്നാണ് കാര്യമായി ലഭിക്കേണ്ടത്. കർണ്ണാടകത്തിൽ നിന്നു ലഭിക്കുന്ന വിദ്യുച്ഛക്തി ക്രമമായി ലഭിക്കുന്നുണ്ടോ, എത്ര മെഗാവാട്ടാണ് കിട്ടുന്നത് എന്നുള്ള വിവരം അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ശർമ്മ : അലോക്കേറ്റഡ് ഷെയർ തെക്കേ ഇന്ത്യയിൽ നിന്നുള്ളതെല്ലാം വീഴ്ച കൂടാതെ ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. കിട്ടിക്കൊണ്ടിരിക്കുന്നത് രാമഗുണ്ടം 245 മെഗാവാട്ട്, നെയ്വേലി 63 മെഗാവാട്ട്, നെയ്വേലി II 90 മെഗാവാട്ട്, മദ്രാസ് അറ്റോമിക് പവർ സ്റ്റേഷൻ 18 മെഗാവാട്ട് എന്നീ ക്രമത്തിൽ 416 മെഗാവാട്ടാണ് ഈ പറയുന്ന സ്ഥലങ്ങളിൽ നിന്നായി സംസ്ഥാനത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. കെ. നാരായണക്കുറുപ്പ് : ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും ഏതെല്ലാം റേറ്റിലാണ് നമുക്ക് – വിദ്യുച്ഛക്തി ലഭിക്കുന്നത്. ഓരോ സംസ്ഥാനത്തു നിന്നും നമുക്ക് ലഭിക്കുന്ന വിദ്യുച്ഛക്തിയുടെ റേറ്റ് എത്രയാണ് ?

ശ്രീ. എസ്. ശർമ്മ : ന്യൂക്ലിയർ പവർ കോർപ്പറേഷൻ കൽപ്പാക്കം ഒരു യൂണിറ്റിന് 1 രൂപാ 89 പൈസ വച്ചും, നെയ്വേലി ലിഗ്നൈറ്റ് കോർപ്പറേഷൻ ഒന്നാംഘട്ടം 104 പൈസ വച്ചും, രണ്ടാം ഘട്ടം 187 പൈസ വച്ചും, എൻ.ടി.പി.സി. രാമഗുണ്ടത്തിന്റേത് 151 പൈസ വച്ചും, ന്യൂക്ലിയർ പ്രോജക്ടിൽ നിന്ന് 162 പൈസവച്ചുമാണ് കിട്ടുന്നത്.

ശ്രീ. ജോണി നെല്ലൂർ : 18-12-1999 മുതൽ അൺഅലോക്കേറ്റഡ് ഷെയർ നിർത്തലാക്കി എന്ന് അങ്ങ് പറയുകയുണ്ടായി. ഏതു തോതിലാണ് നമുക്ക് അൺഅലോക്കേറ്റഡ് ഷെയർ ലഭിച്ചുകൊണ്ടിരുന്നത്. അത് നിർത്തലാക്കിയതിന്റെ പേരിൽ കേരളത്തിൽ ഏതെങ്കിലും തരത്തിൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടി വന്നിട്ടുണ്ടോ എന്നുള്ള കാര്യവും വിശദമാക്കാമോ ?

ശ്രീ. എസ്. ശർമ്മ : അത് നിർത്തൽ ചെയ്തതിന്റെ പേരിൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തേണ്ടി വന്നിട്ടില്ല. ഇൻഡസ്ട്രിക്ക് സെൻറ് പെർസന്റ് കട്ട് ഏർപ്പെടുത്തേണ്ടി വന്ന സന്ദർഭത്തിലും 65 ശതമാനം നമുക്ക് കിട്ടിയിട്ടുണ്ട്. അത് ഒഴിവായ സാഹചര്യത്തിൽ 25 ശതമാനം കിട്ടിയിട്ടുണ്ട്. അവസാനം നിർത്തുമ്പോൾ 15 ശതമാനമായിരുന്നു അൺ അലോക്കേറ്റഡ് ഷെയർ, അത് നിർത്തലാക്കിയതിന്റെ പേരിൽ പ്രത്യേകിച്ചൊരു നിയന്ത്രണവും ഏർപ്പെടുത്തേണ്ടി വന്നിട്ടില്ല.

**പ്രോവിഡന്റ് ഫണ്ട്, ഇ.എസ്.ഐ. വിഹിതം ഇവയിൽ ക്രമക്കേട് നടത്തുന്നതായ പരാതി**

4 (*484) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട്, ഇ.എസ്.ഐ. എന്നീ ഇനങ്ങളിലെ തൊഴിലാളി വിഹിതം മൂലധനത്തിലേയ്ക്ക് മാറ്റുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പിരിച്ചെടുക്കുന്ന പ്രോവിഡന്റ് ഫണ്ട്, ഇ.എസ്.ഐ. വിഹിതങ്ങൾ എന്നിവയിൽ ക്രമക്കേടുകൾ നടത്തുന്ന സ്ഥാപനങ്ങളുടെ മേൽ നടപടിയെടുക്കുവാൻ എന്തെങ്കിലും സംവിധാനമുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇതിന് നടപടി സ്വീകരിക്കുമോ ?